# INDIAN SCHOOL AL WADI AL KABIR

| CLASS: VIII | DEPARTMENT: MALAYALAM | DATE: 08/05/2023 |
|---|---|---|
| Class Note | Lesson: വേദം | Topic: OTQ & Descriptive |

## വേദം

***അർത്ഥം :*** എണ്ണുക= കരുതുക/ ഒട്ടാകെ= മുഴുവൻ/ പകരുക= വിളമ്പുക/ വടക്കിനി മുറ്റം= നാലുകെട്ടിൻെറ വടക്കേ മുറ്റം/ കലമ്പുക= കോപിക്കുക/ ആംഗലവാഴ്ച= ഇംഗ്ലീഷ്ഭരണം/ കാപട്യം= കള്ളത്തരം/ യജ്ഞം= യാഗം, പൂജ/ കെടുതി= നാശം/ പൈയ്ക്കുന്ന= വിശക്കുന്ന ഉണ്ണാവ്രതം = നിരാഹാരവ്രതം/ ഇരക്കുക = യാചിക്കുക

***പര്യായപദങ്ങൾ :*** ചോറ്: അന്നം, ഓദനം/ മുഖം: ആനനം, വദനം/ മുറ്റം: അങ്കണം, ചത്വരം/ വീട്: ആലയം, ഭവനം/ യുദ്ധം: രണം, ആഹവം/ വെള്ളം: ജലം, സലിലം/ വിശപ്പ്: ക്ഷുത്ത്, അശനായ

***നാനാർത്ഥം :*** വട്ടം=തവണ, വൃത്തം/ പാത്രം= ശരീരം, കഥയിൽ പ്രത്യക്ഷപ്പെടുന്ന ആൾ/ നടിക്കുക= അഭിനയിക്കുക, ഭാവിക്കുക ഇര= ഭക്ഷണം, വിര

***അർത്ഥവ്യത്യാസം :*** 1. ദേഹം=ശരീരം ദേഹി= ആത്മാവ്/ 2. പാത്രം= കഥയിൽ പ്രത്യക്ഷപ്പെടുന്ന ആൾ പത്രം= രേഖ, വർത്തമാനപ്പത്രം/ 3. പാവം= സാധു പാപം= അധർമ്മം/ 4. വേദം= ദൈവവചനം വാദം=തർക്കം

***വിപരീതപദം:*** മുൻപിൽ X പിൻപിൽ/ കറുപ്പ് X വെളുപ്പ്/കുറച്ച് X കൂടുതൽ/നെടിയ X കുറിയ

***വാക്യത്തിൽ പ്രയോഗിക്കുക***

1. മുഖം കറുപ്പിക്കുക: ഞാൻ ആവശ്യമില്ലാതെ ഓരോന്നു പറഞ്ഞപ്പോൾ അമ്മ മുഖം കറുപ്പിച്ചു
2. വെന്തെരിയുക : മനസ്സിൽ വെന്തെരിഞ്ഞ കുറ്റബോധം പശ്ചാത്താപത്താൽ കഴുകിക്കളഞ്ഞു.
3. കുമ്പിട്ടു നിൽക്കുക

   ആത്മാഭിമാനമുള്ളവർ കാര്യസാധ്യത്തിന് മറ്റുള്ളവരുടെ മുമ്പിൽ കുമ്പിട്ടു നിൽക്കാറില്ല.

***പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക :*** കറിയില്ല= കറി+ ഇല്ല= ആഗമസന്ധി/ മീനില്ല= മീൻ+ഇല്ല= ആദേശസന്ധി/ ചോറ്റുപാത്രം= ചോറ്+പാത്രം= ദ്വിത്വസന്ധി/ കുറച്ചല്ല= കുറച്ച്+അല്ല= ലോപസന്ധി/ ആൾക്കൂട്ടം= ആൾ+കൂട്ടം= ദ്വിത്വസന്ധി/ ഇക്കണ്ട= ഇ+കണ്ട= ദ്വിത്വസന്ധി/ ഓതിനേൻ= ഓതി+ഏൻ= ആഗമസന്ധി/ പതുങ്ങിയെത്തി = പതുങ്ങി + എത്തി = ആഗമസന്ധി/ ഉള്ളലിഞ്ഞ് = ഉള്ള് + അലിഞ്ഞ് = ലോപസന്ധി

***<u>വിഗ്രഹിച്ചെഴുതുക :</u>*** ചോറ്റുപാത്രം= ചോറ് എടുക്കുന്ന പാത്രം / ആൾക്കൂട്ടം = ആളുകളുടെ കൂട്ടം / യുദ്ധക്കെടുതി= യുദ്ധം മൂലമുള്ള കെടുതി / ഉണ്ണാവ്രതം= ഉണ്ണാതെ അനുഷ്ഠിക്കുന്ന വ്രതം/ മീൻകറി= മീൻ കൊണ്ട് ഉണ്ടാക്കിയ കറി/ നെടിയരിവറ്റ് = നെടിയരിയുടെ വറ്റ്

***<u>ഉത്തരം എഴുതുക</u>***

1. *<u>എന്തിനാണ് കുട്ടി ചോറിനു മുമ്പിൽ മുഖം കറുപ്പിച്ചിരുന്നത്?</u>*

   ഉപ്പേരി, കറി, മീൻ, പപ്പടം എന്നിവയൊന്നും ഇല്ലാത്തതിനാലാണ് കുട്ടി ചോറിനു മുമ്പിൽ മുഖം കറുപ്പിച്ചിരുന്നത്.

2. *<u>കുട്ടിയെ വീട്ടുകാർ എങ്ങനെയാണ് കരുതിയിരുന്നത്?</u>*

   ഉണ്ണാൻ തുടങ്ങിയാൽ വിണ്ണുന്ന ഉണ്ണിയായിട്ടാണ് കുട്ടിയെ വീട്ടുകാർ കരുതിയിരുന്നത്.

3. *<u>'അപ്പോൾ ഞാൻ കണ്ടു.' എന്താണ് കുട്ടി കണ്ടത്?</u>*

   പാവങ്ങളായ തൻെറ അയൽക്കാർ വീടിൻെറ വടക്കിനി മുറ്റത്ത് കൂടിയിരിക്കുന്നതും ഉമ്മ അവർക്കെല്ലാം കഞ്ഞി വിളമ്പിക്കൊടുക്കുന്നതുമാണ് കുട്ടി കണ്ടത്.

4. *<u>'നീറുമെന്നുള്ളം കുറുകി.' എന്താണ് കുട്ടിയുടെ മനസ്സ് പറഞ്ഞത്?</u>*

   പട്ടിണിക്കെടുതിയിൽ നീറുന്നവർ വറ്റില്ലാക്കഞ്ഞിക്ക് വലയുമ്പോൾ പഴയരിയുടെ ചോറ് തനിക്ക് വേണ്ടുവോളം ഉണ്ടല്ലോ എന്നാണ് കുട്ടിയുടെ മനസ്സ് പറഞ്ഞത്.

5. *<u>ഉമ്മ വിതുമ്പിക്കൊണ്ട് എന്തുപദേശമാണ് കുട്ടിക്കു നൽകിയത്.?</u>*

   'ഏത് അറിഞ്ഞാൽ മറ്റെല്ലാമറിയാമോ ആ വേദം വിശപ്പാണെന്നു മനസ്സിലാക്കിയാൽ, വിശക്കുന്ന വയറിന് ഭക്ഷണം തേടി വാടുന്ന പാവത്തിൽ പടച്ചവനെ കാണാം' എന്ന ഉപദേശമാണ് ഉമ്മ കുട്ടിക്കു നൽകിയത്.

***